നമ്പർ ജെ. 1156/22

ഫാം ഇൻഫർമേഷൻ ബ്യൂറോ
കവടിയാർ .പി.ഒ
തിരുവനന്തപുരം -3
തീയതി:- 30.07.2022

# ക്വട്ടേഷൻ നോട്ടീസ്

2022 ഓഗസ്റ്റ് 16,17 തീയതികളിൽ തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കാർഷകദിനം ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന എക്സിബിഷനിൽ ഫാം ഇൻഫർമേഷന ബ്യൂറോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു വേണ്ടി സ്റ്റാൾ തയ്യാറാക്കി പങ്കെടുക്കുന്നുണ്ട്. ആയതിലേക്ക് 3m x 3m വലുപ്പത്തിലുള്ള സ്റ്റാൾ തയ്യാറാക്കുന്നതിലേക്ക് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. മുദ്രവച്ച ക്വട്ടേഷനുകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തുപരം -3 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ 11/08/2022 ന് ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. **"ഞങ്ങളും കൃഷിയിലേക്ക് - കൃഷിദർശൻ"** എന്നീ ആശയങ്ങളെ ആധാരമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന വിവരങ്ങളുടേയും ആശയങ്ങളുടേയും മാതൃകകളുടേയും അടിസ്ഥാനത്തിലാണ് സ്റ്റാൾ സജ്ജീകരിക്കേണ്ടത്. നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റാളിന്റെ മാതൃക ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന, ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 3 മണിക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ താൽകാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

## നിബന്ധനകൾ

1. **സ്റ്റാൾ നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക 75,000 /-ആയിരിക്കും**
2. 3m x 3m വലുപ്പത്തിലുള്ള സ്റ്റാളാണ് തയ്യാറാക്കേണ്ടത്. സ്റ്റാളിന്റെ വലുപ്പത്തിൽ വ്യത്യാസം വരുന്ന പക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൾ സജ്ജീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

3. ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ആശയങ്ങളും മാതൃകയും അനുസരിച്ചായിരിക്കണം സ്റ്റാൾ തയ്യാറാക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആഫീസിൽനിന്നും ശേഖരിക്കേണ്ടതാണ്.

4. **സ്റ്റാളിന്റെ നിർമ്മാണത്തിൽ ഹരിതചട്ടം കർശനമായും പാലിക്കേണ്ടതാണ്.**
5. സ്റ്റാനുള്ളിൽ എൽ.ഇ.ഡി. വാൾ (LED Wall) സംവിധാനവും സൗണ്ട് സിസ്റ്റവും എന്നിവ സ്ഥാപിക്കേണ്ടതാണ്.
6. ആറ് സോക്കറ്റ് വരുന്ന രീതിയിൽ പ്ലഗ് പോയിന്റുകൾ , 2 ഫാൻ, അനുയോജ്യമായ ലൈറ്റിംഗ് ക്രമീകരണം എന്നിവ ഉണ്ടകേണ്ടതാണ്.
7. സ്റ്റാളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാജോലികളും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ക്യാമ്പയിൻ ഓഫീസർ എന്നിവർ നിർദ്ദേശിക്കുന്ന മാറ്റങ്ങളും ഭേദഗതികളും വരുത്തുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
8. ക്വട്ടേഷൻ നടപടികൾ ഏത് ഘട്ടത്തിലും കാരണം ബോധിപ്പിക്കാതെ ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപിതമായിരിക്കും.
9. മറ്റ് സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

FARM INFORMATION BUREAU KOWDIAR P.O. THIRUVANANTHAPURAM

പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ